**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3486** **14-07-2022 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസത്തിനുള്ള നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ വഴിയുള്ള വിദൂര വിദ്യാഭ്യാസത്തിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് UGC യുടെ DEB യിൽ നിന്ന് 2022-23 അധ്യയനവർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം / പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ് എന്നും ഇത് സംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം / പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ല എന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഓപ്പൺ സർവ്വകലാശാലയിൽ പി.ജി. കോഴ്സിന് 5 വിഷയങ്ങളിൽ മാത്രം അനുമതി നൽകിയ യു.ജി.സി. യുടെ നടപടി ബന്ധപ്പെട്ട വിഷയത്തിൽ പി.ജി. കോഴ്സ് പഠിക്കുവാൻ ആഗ്രഹിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ പി.ജി. കോഴ്സ് പഠിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും അതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ എന്ന് അറിയിക്കാമോ ? | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ